കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.13/1403/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.10.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി.പി.13/1403/2017 തിയ്യതി:10.08.2017

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 07.10.2016 മുതൽ 31.05.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.രാജൻ. സി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 24.06.2017 വരെ(ചെലവ്)<br>11.07.2017 മുതൽ 13.07.2017(വരവ്) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.ബാലകൃഷ്ണൻ.കെ.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജുതോമസ് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കരുണാകരൻ.കെ | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.രാജേന്ദ്രൻ.ഇ | 1.4.2016മുതൽ 30.12.2016വരെ |
| | ശ്രീമതി.സിന്ധു.പി.എസ്. | 31.12.2016മുതൽ 31.03.2017വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വി.ഇ.ഒ | ശ്രീമതി.സ്മിത | 01-04-2016മുതൽ 31-03-2017 വരെ |
| | ശ്രീ.ഷാജു.ബി. | 10-11-2016മുതൽ 31-03-2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിജു.എ.എം | 01-04-2016മുതൽ 31-05-2016 വരെ |
| | ശ്രീ.അനിൽ. | 01-06-2016മുതൽ 20-11-2016 വരെ |
| | ശ്രീവിദ്യ.വി.സി. | 21-11-2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.വത്സല.എം.എം | 01-04-2016മുതൽ 31-03-2017 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീ.ടി.പി. പ്രഭാകരൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രാമകൃഷ്ണൻ മാസ്റ്റർ | 01-04-2016മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുനിൽ കുമാർ. | 01-04-2016മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സജിത | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | ഡോ.ആര്യരാജ് | 01-04-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വിദ്യാബാബു. | 01-04-2016മുതൽ 31-03-2017 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | ഡോ.വിദ്യാ ബാലകൃഷ്ണൻ | 01-04-2016മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദീപ.ടി.എ | 01-04-2016മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 2-2 | ഡി&ഒ ലൈസൻസ് - അപാകതകൾ |
| 13 | 2-3 | തൊഴിൽ നികുതി - വ്യാപാരസ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല |
| 14 | 2-4 | പരസ്യ നികുതി ഈടാക്കുന്നില്ല |
| 15 | 2-5 | വെറ്ററിനറി സർജൻ - രശീത് പിരിവിലെ അപാകതകൾ |
| 16 | 2-6 | കെട്ടിട നിർമ്മാണ ലൈസൻസ്-പൊതു അപാകതകൾ |
| 17 | 2-7 | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നതിലെ അപാകതകൾ |
| 18 | 2-8 | ഫയർ & റസ്ക്യൂ ക്ലിയറൻസില്ലം അധികരിച്ച ഉയരമുള്ള കെട്ടിടത്തിന് നിർമ്മാണ അനുമതി |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 20 | 3-2 | പൊതുമരാമത്ത് പ്രവൃത്തികൾ - ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല.ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഫണ്ട് നഷ്ടപ്പെട്ടു |
| 21 | 3-3 | ക്ഷീരഗ്രാമം പദ്ധതി - അവലോകനം |
| 22 | 3-4 | ക്ഷീരഗ്രാമം പദ്ധതി - അവലോകനം |

| | | |
|---|---|---|
| 23 | 3-5 | കൈമാറിയ മുഴുവൻ തുകക്കുള്ള മരുന്ന് കൈമാറിയില്ല |
| 24 | 3-6 | അർഹതയില്ലാത്ത കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. |
| 25 | 3-7 | മരുന്ന് ലഭ്യമാക്കാതെ തുക നൽകി. |
| 26 | 3-8 | പ്രധാനാദ്ധ്യാപകൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 27 | 3-9 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 28 | 3-10 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 29 | 3-11 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 30 | 3-12 | പത്രപരസ്യങ്ങൾക്ക് ഇളവ് ലഭ്യമാക്കിയില്ല. |
| 31 | 3-13 | പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 39 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 40 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 41 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 29-03-2017 തിയതിയിലെ 39/2017 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 07-07-2017 | -- | |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 12-07-2017 | അനുബന്ധം 1 ആയി ചേർത്തു. |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3196680.72 |
| വരവ് | 43662762 |
| ആകെ | 46859442.72 |
| ചെലവ് | 41888102 |
| നീക്കിയിരിപ്പ് | 4971340.72 |

### 1-5 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10213927 | 10213927 | 10213927 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2500526 | 2500526 | 2500526 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3665403 | 3665403 | 3665403 | 0 |

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1906887 | 1906887 | 1906887 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4378026 | 4378026 | 4378026 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 14326.22 | 1392531 | 1406857.22 | 788393 | 618464.22 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 20739793 | 114 | 5230929 | 38 | 85 | 48 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 69.88ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1894226 | 2846319 | 952093 | 50.26(+) |
| നികുതിയേതര വരവുകൾ | 880275 | 1867160 | 986885 | 112.1(+) |
| ആകെ | 2774501 | 4713479 | 1938978 | 69.88(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 273720 | 335 |
| കർഷകതൊഴിലാളി പെൻഷൻ | 6820840 | 711 |
| വിധവാപെൻഷൻ | 11448790 | 1064 |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 17256840 | 1387 |
| വികലാംഗപെൻഷൻ | 3632135 | 329 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1425060 | 142 |
| വിവാഹധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4460,(നാലായിരത്തി നാന്നൂറ്റി അറുപത് )രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2017 | 04/2017-05/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2010 | 2005-06 മുതൽ 2009-10 | LBA(HQ)111/8A-1594/78 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ, പഞ്ചായത്ത് തയ്യാറാക്കിയ/എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തുനികുതി കുടിശ്ശികയുടെ കണക്കുകൾ, വാർഷിക കണക്കുകൾ എന്നിവ പ്രകാരം 2016-17 വർഷം വസ്തു നികുതികുടിശ്ശികയായ 678507 രൂപയുടെ വർഷം തിരിച്ചുള്ള കുടിശ്ശിക വിവരങ്ങൾ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2)ഗുണഭോക്തൃവിഹിതത്തിന്റെ നീക്കിയിരിപ്പ് (ഹെഡ് - 320800101) വാർഷിക കണക്കുകൾ പ്രകാരം 81737 രൂപയും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 34107 രൂപയുമാണ്.

3)അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി , വാറ്റ് ,ക്ഷേമനിധി എന്നിവ അടവാക്കിയത് വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4) തൊഴിൽ നികുതി,ഡി ആന്റ് ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5) ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥസ്ഥിതിയെ പ്രതിഫലിപ്പിയ്ക്കുന്നില്ല.

## 2-2 ഡി&ഒ ലൈസൻസ് - അപാകതകൾ

1. ഡി ആൻഡ് ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ഒരു ദിവസത്തെ ശരാശരി വിറ്റുവരവിന്റെ

അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടത്. എന്നാൽ ലൈസൻസിനു വേണ്ടി ലഭിച്ച ചില അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| അപേക്ഷകന്റെ പേര് | ലൈസൻസിന്റെ ആവശ്യം,ഈടാക്കിയ ഫീസ് |
|---|---|
| അബ്ദുറഹിമാൻഹാജി, പുതിയോട്ടിൽ | സ്റ്റേഷനറി കച്ചവടം 50 രൂപ(103164/23-2-17) |
| സുരേഷ്, അരിപ്പറമ്പത്ത് | കൂൾബാർ100രൂപ(35365/21-2-17) |
| കൽപേഷ്. കെ. | ഗ്ലാസ്, പ്ലൈവുഡ് വിൽപന 100രൂപ(35364/21-2-17) |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

2. ഡി ആൻഡ് ഒ ലൈസൻസ് - സ്ഥലംസന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല.

ഡി ആൻഡ് ഒ ലൈസൻസിനുള്ള367അപേക്ഷകളാണ് ഗ്രാമപഞ്ചായത്തിൽ തൻവർഷം സ്വീകരിച്ചത്. ഇതിൽ അന്വേഷണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തി അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.ജിഒആർടി 1813 /14 പ്രകാരം ഡി & ഒ ലൈസൻസ് അപേക്ഷകൾ നിർബന്ധമായും സ്ഥല പരിശോധന നടത്തേണ്ടതും ആയത് സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ ചേർക്കുകയും വേണം. സ്ഥലം സന്ദർശിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ ശരിയാണോ എന്ന് ഉറപ്പുവരുത്താതെയാണ് ലൈസൻസുകൾ നൽകിയിട്ടുള്ളത്. അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ്/ യന്ത്രശക്തി ശരിയാണോ എന്നുള്ളത് സംബന്ധിച്ച് പരിശോധനാ കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

3. ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് എഴുതി സൂക്ഷിച്ച ഡി &ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ലൈസൻസിനുള്ള 367 അപേക്ഷകൾ ലഭിച്ചതായി കാണുന്നു.എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നമുഴുവൻ വ്യാപാര/കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൽ കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് ഫീസ് കളക്ഷൻ ഡിമാന്റ് ആയി കാണിച്ചിരിക്കുകയാണ്.

## 2-3 തൊഴിൽ നികുതി - വ്യാപാരസ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് വ്യാപാരസ്ഥാപനങ്ങൾക്ക് നൽകുകയോ വ്യാപാരസ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ചുമത്തിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്നോ എന്നൊന്നും വ്യക്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പരസ്യം ചെയ്യുന്ന ഏതൊരാളും അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി കൊടുക്കേണ്ടതാണ്. ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ധാരാളം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ തൻ വർഷം വരവില്ല. പഞ്ചായത്ത് ഡയറക്ടറുടെ 16.5.2005 ലെ A5-15253/04 നമ്പർ സർക്കുലർ പ്രകാരമുള്ള പരസ്യനികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള ബൈലോ, തയ്യാറാക്കിയിട്ടില്ല.പരസ്യനികുതി ഈടാക്കുന്നതിനുള്ള ബൈലോ തയ്യാറാക്കി

അംഗീകാരം വാങ്ങി ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വെറ്ററിനറി സർജൻ - രശീത് പിരിവിലെ അപാകതകൾ

2016-17 വർഷത്തിൽ വെറ്ററിനറി സർജന് 2 രശീത് ബുക്കുകളാണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ആയത് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് പിരിച്ചെടുക്കുന്നതിന് പകരം വാർഡ് വികസനസമിതി കൺവീനർമാരെ ഇടനിലക്കാരാക്കി പിരിച്ചെടുത്തു. കേരള ഫിനാൽഷ്യൽ കോഡ് ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിലേക്ക് പിരിച്ചെടുക്കുന്ന തുകക്ക് ഒരോ വ്യക്തിക്കും രശീത് നൽകണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇവിടെ ഗുണഭോക്താക്കൾക്ക് പകരം രശീതുകൾ വാർഡ് വികസനസമിതി കൺവീനർമാരുടെ പേരിലാണ് അനുവദിച്ചിരിക്കുന്നത്. ഉദാ : 35362 നമ്പർ ബുക്കിലെ 47 മുതൽ 63 വരെയുള്ള രശീതുകൾ.

2.രശീതുകൾ യഥാർത്ഥത്തിൽ പിരിവെടുക്കുന്ന തീയതി തിരുത്തൽ വരുത്തി പകരം അടവാക്കുന്ന തീയതി രേഖപ്പെടുത്തുന്നു. ഉദാ.35362 നമ്പർ ബുക്കിലെ 2-ാം നമ്പർ രശീതിയുടെ ഒറിജിനലിൽ 22.02.2017 (അടവാക്കിയ തീയതി ) എന്ന തീയതിയാണ് രേഖപ്പെടുത്തിയത്. എന്നാൽ ഇതേ രശീതിന്റെ പകർപ്പിൽ 27.01.2017 എന്ന തീയതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇതിൽ നിന്നും പിരിവെടുക്കുന്ന തീയതിയുടെ തൊട്ടടുത്ത ദിവസം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തി എന്നത് വ്യക്തമാണ്. ഇത് കേരള ഫിനാൽഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) ന്റെ ലംഘനമാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമ്മാണ ലൈസൻസ്-പൊതു അപാകതകൾ

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2016-17 വർഷത്തിൽ ആകെ 274 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം)ലഭ്യമായിട്ടുള്ളത്.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തി.പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഫയൽ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറി തിരികെ ലഭ്യമാകുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. റഗുലറൈസേഷൻ രജിസ്റ്റർ അപൂർണ്ണമാണ്. ഇത് കാരണം പെർമിറ്റ് ഫീ, രാജിയാക്കൽ ഫീ എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴഞ്ഞിട്ടില്ല.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സങ്കേതം സോഫ്റ്റ്വെയർ സ്ഥാപനത്തിൽ വിന്യസിച്ചിട്ടില്ല.സോഫ്റ്റ്വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സങ്കേതം സോഫ്റ്റ്വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നതിലെ അപാകതകൾ

ഭരണസമിതിയുടെ 13.10.2011 തീയതിയിലെ 151/2011 തീരുമാനപ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും 01.04.2011 മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണ പ്രാബല്യ ഉത്തരവ് തീയ്യതി കാലയളവിനു മുൻപ് സ്ഥാപിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതിയുടെ നിരക്ക് ബന്ധപ്പെട്ട ടവറുകളുടെ പ്ലാനുകളുമായി പരിശോധിച്ചതിൽ നിന്നും ടവറുകളുടെ തറവിസ്തീർണ്ണം മാത്രം കണക്കാക്കി വസ്തുനികുതി ഈടാക്കുന്നതായി കാണുവാൻ കഴിഞ്ഞു. ഇത് കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഒരു ഉദാഹരണ സഹിതം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലൈസൻസി പേര്, കെട്ടിട നം. | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്,കെട്ടിട നം- 1/19 D,1/19 E |
| കെട്ടിട നിർമ്മാണ പെർമിറ്റ് നം, തീയ്യതി, റീ.സർവ്വേ.നം. | BLNO:249/13-14, തീയതി.02.07.2014 |
| ആകെ വിസ്തീർണ്ണം (@ m2) | D.G.Room (1/19 E)= 2 ച.മീ.<br>Tower = 14.4<br>Total 16.4 |
| ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി | 8200/- (16.4 x 500) |
| ഈടാക്കിയ വസ്തു നികുതി | 1/19 D=7920,1/19 E=57<br>Total= 7977 |
| കുറവ് വന്ന തുക | 223 |

ടവറിന്റെ തറവിസ്തീർണ്ണം മാത്രം കണക്കിലെടുത്താണ് 1/19 D എന്ന നമ്പർ അനുവദിച്ചിട്ടുള്ളത് .അനുബന്ധ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്നരീതിയിലാണ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടുള്ളത്.

അപാകത പരിശോധിച്ച് മൊബൈൽ ടവർ സ്ഥാപിച്ചവരിൽ നിന്നും പഞ്ചായത്ത് ഫണ്ടിന് നിയമാനുസൃതം ലഭിക്കേണ്ട നികുതി ഈടാക്കേണ്ടതും മേൽ വിവരിച്ച രീതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 7 മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 2-8 ഫയർ & റസ്ക്യൂ ക്ലിയറൻസിലും അധികരിച്ച ഉയരമുള്ള കെട്ടിടത്തിന് നിർമ്മാണ അനുമതി

മമ്മു, ചെറിയകത്ത് ,കൊല്ലം വിയ്യൂർ എന്നവർ വാണിജ്യാവശ്യത്തിനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പെർമിറ്റ് അപേക്ഷയിൽ കെട്ടിടത്തിന്റെ ഉയരം 12.28 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നും പ്രസ്തുത കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള ഡി.1592/17 നമ്പർ ഫയർ സേഫ്റ്റി ക്ലിയറൻസ് പ്രകാരം കെട്ടിടത്തിന്റെ ഉയരം 8.95 മീറ്ററാണ്. പഞ്ചായത്തിൽ നിന്നും അനുവദിച്ച പ്ലാൻ പ്രകാരം മേൽക്കൂരയോട് ചേർന്നുള്ള ഗോവണി,ജലസംഭരണി എന്നിവയുടെ ഉയരം ഒഴിവാക്കിയതിന് ശേഷവും 11.9 മീറ്റർ ഉയരം കെട്ടിടത്തിനുണ്ടെന്ന് വ്യക്തമാണ്. ഫയർ & റസ്ക്യൂ ക്ലിയറൻസ് പ്രകാരം 8.95 മീറ്റർ ഉയരത്തിൽ മാത്രം നിർമ്മാണ അനുമതിയുള്ള കെട്ടിടത്തിന് 11.9 മീറ്റർ ഉയരത്തിൽ കെട്ടിട നിർമ്മാണാനുമതി നൽകിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

115 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ തൻവർഷം 33 പ്രൊജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയത്. 20 റോഡ് പ്രവൃത്തികൾ നടപ്പിലാക്കിയതിൽ 17 എണ്ണവും ചെറിയ

ചെയിനേജുകളിലുള്ള ഭാഗിക പ്രൊജക്ടുകളാണ്.നടപ്പിലാക്കിയ ഭാഗിക പ്രൊജക്ടുകളുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര്, പ്രൊ.നം,കരാറുകാരൻ | അളവ് പുസ്തകം, മൂല്യനിർണയം ചെയ്ത തുക | ചെലവഴിച്ചതുക, ഫണ്ട്,ബിൽ നം. | ചെയ്ത പ്രവൃത്തി |
|---|---|---|---|---|
| 1 | കോതോളിക്കുനി വാവുലേരി താഴെ റോഡ്, പ്രൊ.നം.232/16-17, നിർജാസ് പി. | 117/15-16, 117150, | 117150 മെയിന്റനൻസ് ഗ്രാന്റ് - റോഡ് 15/16-17തീ.31 /03/17 | 81 മീറ്റർ റോഡ് സോളിംഗ് |
| 2 | കപ്പറമ്പിൽ കല്ലൂർ റോഡ് , പ്രൊ.നം.222/16-17, നിർജാസ് പി. | 124/16-17, 162699 | 162699 മെയിന്റനൻസ് ഗ്രാന്റ് - റോഡ് 15/16-17തീ.31 /03/17 | 123 മീറ്റർ റോഡ് സോളിംഗ് |
| 3 | കനാൽ ചെങ്ങോട്ട്കാവ് സ്കൂൾ റോഡ് , പ്രൊ.നം.220/16-17, നിർജാസ് പി. | 121/15-16, 115920 | 115920 മെയിന്റനൻസ് ഗ്രാന്റ് - റോഡ് 11/16-17തീ.28 /03/17 | 92 മീറ്റർ റോഡ് സോളിംഗ് |
| 4 | കുരുടിപ്പുറം അംഗൻവാടി റോഡ്, പ്രൊ.നം.218/16-17, നിർജാസ് പി. | 126/16, 124200 | 124200 മെയിന്റനൻസ് ഗ്രാന്റ് - റോഡ് 12/16-17തീ.28 /03/17 | 100.6 മീറ്റർ റോഡ് സോളിംഗ് |
| 5 | പാണറുകണ്ടി കൃഷ്ണൻനായർ നടറോഡ്, പ്രൊ.നം.208/16-17, നിർജാസ് പി. | 137/16, 96312 | 96312 മെയിന്റനൻസ് ഗ്രാന്റ് - റോഡ് 34/16-17തീ.31 /03/17 | 71.4 മീറ്റർ റോഡ് സോളിംഗ് |
| 6 | നടുക്കണ്ടിമുക്ക് കീഴ്ംപറമ്പത്ത് റോഡ്, പ്രൊ.നം.206/16-17, | 116/16 100500 | 100500 മെയിന്റനൻസ് ഗ്രാന്റ് - റോഡ് | ന70 മീറ്റർ റോഡ് സോളിംഗ് |

| | | | | |
|---|---|---|---|---|
| | നിർജാസ് പി. | | 19/16-17തീ.31 /03/17 | |
| 7 | ശ്രീരാമകൃഷ്ണമഠം റോഡ് രണ്ടാം ഘട്ടം,<br>പ്രൊ.നം.45 /16-17,<br>ശ്രീകുമാർ സി.പി. | 167/16<br>148622 | 75000<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>06/16-17തീ.14 /03/17 | 77 മീറ്റർ റോഡ് സോളിംഗ് |
| 8 | നന്നാഞ്ചേരി കോട്ടക്കുന്നമ്മൽറോഡ്,<br>പ്രൊ.നം.204 /16-17,<br>നിർജാസ് പി. | 135/16<br>95000 | 95000<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>30/16-17തീ.31 /03/17 | 74.2 മീറ്റർ റോഡ് സോളിംഗ് |
| 9 | വലിയകുനി കോളൻ റോഡ്,<br>പ്രൊ.നം.203/16-17,<br>നിർജാസ് പി. | 131/15-16<br>140080 | 140080<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>28/16-17തീ.31 /03/17 | 111.5 മീറ്റർ റോഡ് സോളിംഗ് |
| 10 | പുറത്തൂട്ടഞ്ചേരി പറയൻകുഴി റോഡ്,<br>പ്രൊ.നം.198/16-17,<br>നിർജാസ് പി. | 136/16<br>98450 | 98450<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>31/16-17തീ.31 /03/17 | 67.50 മീറ്റർ റോഡ് സോളിംഗ് |
| 11 | എളാട്ടേരി സ്കൂൾ ഐരാണിതുരുത്ത് റോഡ് ,<br>പ്രൊ.നം.192 /16-17,<br>നിർജാസ് പി. | 138/16<br>139104 | 139104<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>29/16-17തീ.31 /03/17 | 103.8 മീറ്റർ റോഡ് സോളിംഗ് |
| 12 | പിലാച്ചേരി വരുവോറപ്പൊയിൽ റോഡ്,<br>പ്രൊ.നം.187 /16-17,<br>നിർജാസ് പി. | 119/16<br>124200 | 124200<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>12/16-17തീ.31 /03/17 | 94 മീറ്റർ റോഡ് സോളിംഗ് |

| | | | | |
|---|---|---|---|---|
| | | | | |
| 13 | കുറുവണ്ണാരിമുക്ക് കലപ്പറത്ത് റോഡ്,<br>പ്രൊ.നം.186/16-17,<br>നിർജാസ് പി. | 125/16<br>152352 | 152352<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>14/16-17തീ.31 /03/17 | 178 മീറ്റർ റോഡ് സോളിംഗ് |
| 14 | എരഞ്ഞിവയൽ റോഡ്,<br>പ്രൊ.നം.175/16-17,<br>ഗോവിന്ദൻ സി.എം | 130/16<br>238107 | 238107<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>21/16-17തീ.31 /03/17 | 127.35 മീറ്റർ റോഡ് സോളിംഗ് |
| 15 | ചാലിൽപള്ളി അരങ്ങാടത്ത് റോഡ് ,<br>പ്രൊ.നം.171/16-17,<br>നിർജാസ് പി. | 171/16-17<br>221118 | 221118<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>10/16-17തീ.28 /03/17 | 157 മീറ്റർ റോഡ് സോളിംഗ് |
| 16 | പന്നിക്കുഴി കണ്ടംകുറ്റിതാഴെ സോളിംഗ്,<br>പ്രൊ.നം.12/16-17,<br>ഗിരീശൻ കെ.കെ.(കൺവീനർ) | 166/15-16<br>40000 | 40000<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>1/16-17തീ.24 /10/16 | 65.50മീറ്റർ റോഡ് സോളിംഗ് |
| 17 | യാദ് ചാലിൽ പാത്ത് വേ,<br>പ്രൊ.നം.152 /16-17,<br>നിർജാസ് പി. | 118/16<br>146571 | 146571<br>മെയിന്റനൻസ് ഗ്രാന്റ് - റോഡ്<br>13/16-17തീ.28 /03/16 | 165മീറ്റർ റോഡ് സോളിംഗ് |
| ആകെ ചെലവ് | | | 2186763 | |

മേൽ പ്രവൃത്തികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) വാർഡ് അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കി

പ്രൊജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിലാണ്. നിർവ്വഹണം നടത്തിയ ഭൂരിഭാഗം റോഡുകളും 100 മീറ്ററിൽ താഴെ മാത്രം നീളമുള്ള ചെറിയ റോഡ് സോളിംഗ് പ്രവൃത്തികളാണ്. ജി.ഒ.(എം.എസ്) 4/2016ത.സ്വ.ഭ.വ. തീ.11/1/2016പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഖണ്ഡിക 2 പ്രകാരം വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. റോഡുകൾക്ക് ഭാഗികമായ സോളിംഗ് പ്രവൃത്തികൾ നിർവ്വഹണം നടത്തുക വഴി സോളിംഗ് /മെറ്റലിംഗ് ഇളകിപ്പോകുകയും തുടർപ്രവൃത്തികൾക്ക് അധികതുക ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

(2) മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ സോളിംഗ് പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

(3) കുറഞ്ഞ അടങ്കലുള്ള ചെറിയ പ്രൊജക്ടുകൾ ഏറ്റെടുക്കുകവഴി അഞ്ചുലക്ഷമോ അവയിൽ കൂടുതലോ അടങ്കൽ ഉള്ള പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിൽ നിന്ന് ഒഴിവ് നേടുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ നിലവിൽ കാലങ്ങളായി സോളിംഗ് പോലും നശിച്ച് കിടക്കുന്ന അനവധി റോഡുകൾ ഉള്ളതായും ഇത്തരം റോഡുകളെ സോളിംഗ് മുതൽ പുനരുദ്ധരിക്കേണ്ടി വന്നതായും പറയുന്നു. എന്നാൽ ഒരു റോഡ് പൂർണമായും ഉപയോഗയോഗ്യമാകാൻ ആവശ്യമായ പ്രവൃത്തികൾ മുഴുവൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ സോളിംഗ് പ്രവൃത്തി മാത്രമുൾപ്പെടുത്തി ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയാണ്.മെയിന്റനൻസ്ഗ്രാന്റ് ഉപയോഗിച്ച് സോളിംഗ് പ്രവൃത്തി മാത്രം നിർവ്വഹണം നടത്തുന്നത് സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. 2186763 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല.ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഫണ്ട് നഷ്ടപ്പെട്ടു

നിർവ്വഹണം : അസി.എഞ്ചിനീയർ

തൻവർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ 115 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 33 പ്രവൃത്തികൾ മാത്രമാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്.വകയിരുത്തിയ തുകയുടെ 25.22% തുക മാത്രമാണ് വിനിയോഗം. നടപ്പാക്കാത്ത പ്രവൃത്തികളിൽ 39 സ്പിൽഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു. പദ്ധതികൾ നടപ്പാക്കാത്തതിനാൽ വികസനഫണ്ടിനത്തിൽ 1202504 രൂപയും മെയിന്റനൻസ് ഗ്രാന്റിനത്തിൽ 10194586 രൂപയും ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. യാതൊരു തത്വദീക്ഷയുമില്ലാതെ പ്രൊജക്ടുകൾ നടപ്പാക്കാൻ പദ്ധതി തയ്യാറാക്കിയതുമൂലമാണ് മേൽപ്പറഞ്ഞവിധം ഫണ്ട് നഷ്ടപ്പെടാനിടയായത്. സമഗ്രതയില്ലാത്ത 100 -ലധികം ചെറു പ്രൊജക്ടുകൾ തയ്യാറാക്കി പദ്ധതിപണം നഷ്ടപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ജി.ഒ.(എം.എസ്) 4/2016ത.സ്വ.ഭ.വ. തീ.11/1/2016പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ആവർത്തിച്ച് ഭരണസമിതിയോട് ആവശ്യപ്പെട്ടതായും എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ആവശ്യം പരിഗണിക്കാതെ പദ്ധതിരേഖ തയ്യാറാക്കുന്നതായും പറയുന്നു.ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ,പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-3 ക്ഷീരഗ്രാമം പദ്ധതി - അവലോകനം

പ്രൊജക്ട് നം : 258/16-17

അടങ്കൽ : 1020000 ( വി.ഫണ്ട് 505000+തനതുഫണ്ട് 5000+ ബാങ്ക്ലോൺ 510000)

നിർവ്വഹണം : ഡയറി ഫാം ഇൻസ്ട്രക്ടർ

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ ക്ഷീരഗ്രാമം പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്ന് 5000രൂപയും ( ചെക്ക് നം.1431246 തീ. 13/03/17)വികസന ഫണ്ടിൽ നിന്ന് താഴെ കാണിച്ചവിധം 505000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

| ബിൽ നംമ്പർ | തുക |
|---|---|
| 1/16-17 തീ. 21/03/17 | 345000 |
| 1/16-17 തീ. 21/03/17 | 75000 |
| 1/16-17 തീ. 21/03/17 | 55000 |
| 1/16-17 തീ. 21/03/17 | 30000 |

കറവയുള്ള പശുക്കളെ വാങ്ങുന്നതിന് ഒരു ഗുണഭോക്താവിന് 15000 രൂപ വീതം 510000 രൂപ (34X 15000) ബേക്ക് എൻഡ് സബ്സിഡിയായി കൊയിലാണ്ടിയിലെ കനറാബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് എന്നിവയ്ക്ക് കൈമാറിയിട്ടുണ്ട്. 32 ഗുണഭോക്താക്കൾ ബാങ്ക്ലോണും സബ്സിഡിയും കൈപ്പറ്റി പശുക്കളെ വാങ്ങിയതായി കാണുന്നുണ്ട്. സബ്സിഡി തുകയൊഴികെയുള്ള വായ്പ തുകയ്ക്ക് മാത്രമേ പലിശ ഈടാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.ഇതു സംബന്ധിച്ച ബാങ്കിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിന്റെ ഫയൽ,എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ ഫയലിനോടൊപ്പം ഹാജരാക്കിയ ഗുണഭോക്താക്കളുടെയും പശുക്കളുടെയും ഫോട്ടോകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയതായും വകയിരുത്തിയ തുകയിൽ 94.12 ശതമാനവും വിനിയോഗിച്ചതായും കാണുന്നു. ഗിരിജ മൂത്തേക്കൽ, ശ്രീധരൻ എരിയാരിമീത്തൽ എന്നീ ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാത്തതിനാൽ 30000 രൂപ (2X 15000) വികസനഫണ്ട് കനറാബാങ്ക് കൊയിലാണ്ടി ശാഖയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 30000 രൂപ ബാങ്കിൽ നിന്ന് തിരികെ ഈടാക്കി വികസനഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് ഒടുക്കുന്നതിലെ അപാകതകൾ

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമ പഞ്ചായത്ത് തൻവർഷം തനതു ഫണ്ടിൽനിന്ന് പ്രതിമാസം 60635 രൂപ വീതം (ഹൈമാസ്റ്റ് ലൈറ്റുകൾ ഒഴികെ) ഒടുക്കിവരുന്നതായി കാണുന്നു.സ്ട്രീറ്റ് ലൈറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന ബൾബുകൾ,സി.എഫ്.എൽ ബൾബുകൾ,ട്യൂബുകൾ,എൽ.ഇഡി.ലൈറ്റുകൾ എന്നിവയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് KSEB അധികൃതരുമൊത്ത് സംയുക്ത പരിശോധന നടത്തയിതിന്റെയും,പഞ്ചായത്തിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ,ഈടാക്കുന്ന താരിഫ് തുടങ്ങിയവ സംബന്ധിച്ച് KSEB യിൽ നിന്നും രേഖാമൂലം ലഭിച്ച രേഖകളുടെയും വിവരങ്ങൾ എന്നിവ ലഭ്യമല്ല. ആയതിനാൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം,ഇനം എന്നിവ അടിസ്ഥാനമാക്കിയാണോ വൈദ്യുതി നിരക്ക് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ KSEB യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവക്ക് അനുസൃതമായാണ് വൈദ്യുതി ചാർജ് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മുഴുവൻ മരുന്നും ലഭ്യമാക്കിയില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

പ്രൊ.നം - 121/17

ചെക്ക് നം - 1431248/10.03.2017, 130000

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും എന്ന പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന്റെ ഉടമസ്ഥതയിൽ തൈക്കാട്ടുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 130000 രൂപ കൈമാറിയിരുന്നെങ്കിലും 57996 രൂപയുടെ 4 ഇൻവോയിസുകളാണ് ഓഡിറ്റിന് ഹാജരാക്കിയത്.ഹാജരാക്കിയിരിക്കുന്ന ഇൻവോയിസുകളിൽ രണ്ടെണ്ണം തുക കൈമാറുന്നതിന് മുൻപുള്ളതാണ്.ഇൻവോയിസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | തുക |
|---|---|---|
| 1 | 4538/12.11.16 | 17610 |
| 2 | 6279/18.01.17 | 19191 |
| 3 | 213/19.04.17 | 10371 |
| 4 | 354/22.04.17 | 10824 |
| ആകെ | | 57996 |

മരുന്ന് മുഴുവൻ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 അർഹതയില്ലാത്ത കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചു.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം -13/16-17 തീയതി. 30.03.2017, തുക -70000

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2016-17 ൽ കുടുംബശ്രീ സ്വയംതൊഴിൽ സംരഭങ്ങൾക്ക് 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

വ്യക്തമായ വായ്പാധിഷ്ഠിത സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് 6 മാസം കഴിഞ്ഞ ഗ്രൂപ്പുകൾക്കും , സർക്കാർ ഉത്തരവ് 187/99/തസ്വഭവ തീയതി. 01-10-1999, ഖണ്ഡിക 4-2-10 പ്രകാരം ഗ്രേഡിംഗ് നേടിയവർക്കുമാണ് ധനസഹായത്തിന് അർഹത എന്ന് പറയുന്നുണ്ടെങ്കിലും തെരഞ്ഞെടുത്തിരിക്കുന്ന വർഷം, സുഭാസ്,കീർത്തന, സ്ത്രീശാസ്ത്ര,നന്മ, തേജശ്രീ,ശ്രീഗംഗ, എന്നീ കുടുബശ്രീ യൂണിറ്റുകൾ നിലവിൽ ഏതെങ്കിലും തരത്തിലുള്ള സ്വയംതൊഴിൽ സംരഭങ്ങൾ നടത്തുന്നതിന്റെയോ, ഗ്രേഡിംഗ് ലഭിച്ചതിന്റെയോ രേഖകളില്ലാതെയാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്.ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്ന 70000 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നതിന് പകരം സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.ഈ തുക നാളിതുവരെ കുടുംബശ്രീ യൂണിറ്റുകൾക്ക് കൈമാറിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 മരുന്ന് ലഭ്യമാക്കാതെ തുക നൽകി.

നിർവ്വഹണം - മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നം- 267/17

ബിൽ നം- 3/16-17, തീയതി. 28.03.2017, തുക 50000

മെഡിക്കൽ ഓഫീസർ ( ആയുർവേദം) നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 50000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് കൈമാറിയെങ്കിലും നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീത്, സ്ഥാപനവുമായി ഒപ്പിട്ടിരിക്കുന്ന എഗ്രിമെന്റ്, പ്രൊജക്ട് തയ്യാറാക്കുമ്പോൾ വാങ്ങി സൂക്ഷിക്കേണ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 പ്രധാനാദ്ധ്യാപകൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ആന്തട്ട ഗവ.യു.പി.സ്കൂൾ പ്രധാനാദ്ധ്യാപകൻ 2016-17 വർഷം നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചു.പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായാണ് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. എസ്.എസ്.എ പദ്ധതിയിലുൾപ്പെടുത്തി ചെയ്യേണ്ടതായ പദ്ധതികൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി പദ്ധതിപണം പാഴാക്കി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ പറയുന്ന പദ്ധതികൾ 11.01.2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായാണ് പദ്ധതികൾ നടപ്പാക്കിയത്. 2015-16 ഓഡിറ്റ് വർഷത്തിൽ പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതിലെ അപാകതകൾ ചൂണ്ടികാണിച്ചിട്ടും ഓഡിറ്റ് വർഷത്തിലും അപാകതകൾ ആവർത്തിച്ചത് ഗൗരവമായി വീക്ഷിക്കുന്നു. ഇത്തരത്തിൽ പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പാക്കിയ 6 പദ്ധതികളുടെ ചെലവ് തുകയായ 250000 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമനം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 153/16-17,വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | 50000 | 50000 |
| 2 | 154/16-17, കുരുന്നില. | 40000 | 40000 |
| 3 | 156/16-17,വിജയോത്സവം | 40000 | 40000 |
| 4 | 157/17, വായനാമൂല | 30000 | 30000 |
| 5 | 163/16-17,മാടാക്കര,എഴുകുടിക്കൽ സ്കൂളുകളിൽ പ്രഭാത ഭക്ഷണം | 60000 | 60000 |
| 6 | 166/16-17,പഞ്ചായത്തിനെ അറിയുക | 50000 | 30000 |
| ആകെ | | 270000 | 250000 |

പ്രധാനാദ്ധ്യാപകൻ 2016-17 വർഷം നിർവ്വഹണം നടത്തിയ പദ്ധതികളിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രൊ.നം.153/16-17, വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം.

അടങ്കൽ - 50000 (വികസന ഫണ്ട് )

ചെലവ് - 50000

4,5 ക്ലാസ്സുകളിലെ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയുടെ ചെലവ് വിവരങ്ങൾ പട്ടികയിൽ ചേർത്ത പ്രകാരമാണ്.

| ചെലവിനം | ചെലവ് തുക |
|---|---|
| ഉദ്ഘാടന-സമാപന ചടങ്ങ് | 4400 |
| കുട്ടികൾക്ക് ഭക്ഷണം | 5600 |
| ഉപകരണം വാങ്ങൽ | 20000 |
| പരിശീലന ഫീസ് | 20000 |

പദ്ധതി നടത്തിപ്പിനായി 20000 രൂപ ചെലവഴിച്ച് സിമ്മിംഗ് സ്യൂട്ട്,റിംഗ് ഉടങ്ങിയ ഉപകരണങ്ങൾ സോക്കർ സ്പോർട്സ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിരിക്കുന്നത് പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെയാണ്. കൊട്ടേഷൻ ക്ഷണിച്ചതിന്റെയോ പർച്ചേസ് ഓർഡർ നൽകിയതിന്റെയോ രേഖകൾ

ലഭ്യമല്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.സാധനങ്ങളുടെ തത്സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2015-16 വർഷം നടപ്പാക്കിയ സമാന പദ്ധതിക്കായി വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. വിവിധയിനം ചെലവുകൾ ചെലവുമായി ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് പകരം പദ്ധതിക്കായി വകയിരുത്തിയ 50000 രൂപ പരിശീലകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. 2015-16 വർഷത്തിലും നടപ്പാക്കിയ ഇതേ പദ്ധതിയിലെ സമാനഅപാകതകൾ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 22.11.2016 തീയതിയിലെ കെ.എസ്.എ/കെ.കെ.ഡി/പി 13-2046/2016 നം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടും 2016-17 ലും അപാകതകൾ ആവർത്തിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

2. പ്രൊ.നം.154/16-17, കുരുന്നില.

അടങ്കൽ- 40000 (ജനറൽ)

ചെലവ് - 40000 (ബിൽ നം. 11/16-17, തിയ്യതി 30.03.2017)

വിദ്യാർത്ഥികൾക്ക് സാഹിത്യശില്പശാലകൾ സംഘടിപ്പിച്ച് അവരുടെ സൃഷ്ടികൾ മാഗസിൻ രൂപത്തിൽ പുറത്തിറക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതി, മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. 30.03.2017 തീയതിയിൽ 11/16-17 നമ്പർ ബിൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 40000 രൂപ 1000 കോപ്പി മാഗസിൻ അച്ചടിക്കുന്നതിനായി ലിപി,കൊയിലാണ്ടി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.കൊട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഓഡിറ്റ് തീയതിവരെയും മാഗസിൻ പ്രസിദ്ധീകരിച്ചിട്ടില്ല.ഇതിൽ നിന്നും സർക്കാർ പണം മുൻകൂറായി അനുവദിച്ചെന്നത് വ്യക്തമാണ്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കേണ്ടിയിരുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പണം ചെലവഴിച്ചത്.

3. പ്രൊ.നം.156/16-17, വിജയോത്സവം

അടങ്കൽ- 40000 (തനത് ഫണ്ട്)

ചെലവ്- 40000

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പ്രീപ്രൈമറി-പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് മാത്രമാണുള്ളത്.ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്.

പഞ്ചായത്തിലെ എയിഡഡ് ഹൈസ്കൂളായ പൊയിൽകാവ് ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ വിജയശതമാനമുയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിക്ക് 40000 രൂപ ചെലവഴിച്ചിട്ടുണ്ട്. മേഖല ചുമതല മറികടന്ന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

4.പ്രൊ.നം- 109/16-17.തുല്യതാപദ്ധതി.

അടങ്കൽ- 22750

ചെലവ് - 18300

തുല്യതാ പരീക്ഷാർത്ഥികളുടെ കോഴ്സ് ഫീ, പരീക്ഷാ ഫീ എന്നിവ വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം സാക്ഷരതാ പ്രേരകിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5.പ്രൊ.നം- 157/16-17.വിദ്യാലയങ്ങളിൽ 2,3,5 ക്ലാസ്സുകളിൽ വായനാമൂല.

അടങ്കൽ - 45000

ചെലവ് - 30000

11.01.2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയിൽ ഖണ്ഡിക 11.6 iii) ൽ വിദ്യഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപകപരിശീലനം ഉൾപ്പെടെ നിരവധിപരിപാടികൾ എസ്.എസ്.എ / ആർ.എം.എസ്.എ നടപ്പിലാക്കി വരുന്നുണ്ടെന്നും ആയതിനാൽ അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ/ ആർ.എം.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പ്രൊജക്ടിൽ എസ്.എസ്.എ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കേണ്ട പ്രവർത്തികളാണ് നടത്തിയിരിക്കുന്നത്.

പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി സ്റ്റോറിബോർഡ് തയ്യാറാക്കിയതിന് തൂലികാ ഡിസൈൻസ്,കൊയിലാണ്ടി എന്ന സ്ഥാപനത്തിന് 30000 രൂപ കൈമാറിയിട്ടുണ്ട്.കൊട്ടേഷൻക്ഷണിച്ചിട്ടില്ല.സ്റ്റോറിബോർഡുകൾ സ്റ്റോക്കിലെടുത്തതിന്റെയോ,വിതരണം ചെയ്തതിന്റെയോ രേഖകൾ ലഭ്യമല്ല.

6.പ്രൊ.നം- 163/16-17.മാടാകര ,എഴുകടിക്കൽ സ്കൂളുകളിൽ പ്രഭാതഭക്ഷണം

അടങ്കൽ - 60000

ചെലവ് - 60000

11.01.2016 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയിൽ ഖണ്ഡിക 11.6 vi) ൽ എല്ലാ സ്കൂളുകളിലും ഭക്ഷ്യവിതരണം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള രീതിയിലും ഗുണനിലവാരത്തിലും നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിറ്ററിംഗ് ചുമതലമാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്കുള്ളത്.മേൽ സാഹചര്യത്തിൽ മാടാകര ,എഴുകടിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം പദ്ധതി നടപ്പാക്കി 60000 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7.പ്രൊ.നം- 166/16-17.പഞ്ചായത്തിനെ അറിയുക.

അടങ്കൽ- 50000

ചെലവ് - 30000

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് വിനോദ-വിജ്ഞാന യാത്ര എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയത്.പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടിയിരുന്നത്. പദ്ധതിയുടെ ഭാഗമായി വീഡിയോ കവറേജിന് 13500 രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത പ്രവർത്തി സംബന്ധിച്ച വിശദമായ ചെലവ് രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനെ വാക്കാൽ അറിയിച്ച വീഡിയോ സി.ഡി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

8.പ്രൊ.നം- 151/16-17.എസ്.എസ്.എ വിഹിതം കൈമാറൽ

അടങ്കൽ- 800000

ചെലവ് - 800000

പദ്ധതിപ്രകാരം 800000 രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ രേഖകൾ ലഭ്യമല്ല.വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-9/16-17) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. പദ്ധതി പണം ചെലവഴിക്കുന്നതിൽ വീഴ്ച

2016-17 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികൾക്ക് വകയിരുത്തിയ 4394500 രൂപയിൽ 1941525 രൂപമാത്രമെ ചെലവഴിച്ചിട്ടുള്ളൂ.പട്ടികജാതി വിഭാഗത്തിനായി വിഭാവനം ചെയ്യപ്പെട്ട പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ തുക ചെലവഴിക്കുന്നതിലുണ്ടായ വീഴ്ച പ്രസ്തുത വിഭാഗത്തിന്റെ ഉന്നമനത്തിന് തടസ്സമായിട്ടുണ്ട്.

2.ഗുണഭോക്തൃ പട്ടിക തയ്യാറാക്കാതെ പദ്ധതി നടപ്പിലാക്കി.

പ്രൊജക്ട് നം- 131/2017

അടങ്കൽ - 200000 (എസ്.സി.പി.)

ചെലവ് - 200000 (ബിൽ നം. 6/16-17 തി. 31.01.2017)

ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം (പട്ടികജാതി) 2016-17 എന്ന പദ്ധതി പ്രകാരം 200000 രൂപ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിപ്രകാരം ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ പട്ടിക തയ്യാറാക്കാതെ പദ്ധതിക്ക് തുക ചെലവഴിച്ചതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3.യുവജനങ്ങൾക്ക് സ്വയം തൊഴിൽ (പട്ടികജാതി)- സബ്സിഡി തുകക്കും ബാങ്ക് പലിശ ഈടാക്കുന്നു.

പ്രൊ.നം - 207/17

അടങ്കൽ- 500000(എസ്.സി.പി.)

ചെലവ് - 50000 (ബിൽ നം. 13/16-17 തി. 29.03.2017)

പദ്ധതി പ്രകാരം കേരള ഗ്രാമീൺ ബാങ്ക് ചെങ്ങോട്ട്കാവ് ബ്രാഞ്ചിൽ നിന്നും 187000 രൂപ ലോണെടുത്ത് ഓട്ടോറിക്ഷ വാങ്ങിയ ശ്രീ.ജിലി.ബി.എസിന്റെ ലോൺ അക്കൗണ്ടിലേക്ക് 50000 രൂപ ബാക്ക് എൻഡ് സബ്സിഡിയായി പഞ്ചായത്ത് കൈമാറിയിരുന്നു. എന്നാൽ ഗുണഭോക്താവിനെ നേരിൽ കേട്ടതിൽ സബ്സിഡി തുകയായ 50000 രൂപക്കും പലിശ ഈടാക്കുന്നതായി ശ്രീ.ജിലി.ബി.എസ്.ഓഡിറ്റിനെ അറിയിച്ചു. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറിയ പദ്ധതിതുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി | കൈമാറിയ തുക |
|---|---|---|
| 1 | 268/17,ഐ.എ.വൈ ഗ്രാമപഞ്ചായത്ത് അധികവിഹിതം നൽകൽ | 500000 |
| 2 | 131/17, ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം. 2016-17 | 200000 |
| ആകെ | | 700000 |

വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

5.സ്റ്റാറ്റസ് റിപ്പോർട്ടില്ലാതെ പദ്ധതി രൂപീകരണം- ഗുണഭോക്താക്കളെ കണ്ടെത്താനായില്ല

വർക്കിംഗ് ഗ്രൂപ്പുകൾ സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ

പദ്ധതിരൂപീകരണം നടത്തുകയോ ചെയ്യാത്തതിനാൽ പദ്ധതികൾക്ക് അടങ്കൽ ചെയ്ത തുകക്ക് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞില്ല. മേൽ സാഹചര്യത്തിലും പദ്ധതികളിൽ ഭേദഗതി വരുത്തുകയോ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയോ ചെയ്യാതെ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തി.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി കൈമാറിയ പദ്ധതിതുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി | തുക കൈപ്പറ്റിയത് | കൈമാറിയ തുക |
|---|---|---|---|
| 1 | 75/17, തെരുവുനായ്ക്കളുടെ ശല്യം-എ.ബി.സി പദ്ധതി | സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 200000 |
| 2 | 116/17,പ്രത്യേക കന്നുകുട്ടി പരിപാലനം. | അസി. ഡയറക്ടർ, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | 1000000 |
| ആകെ | | | 1200000 |

വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.70/17, ഐ.എസ്.ഒ പദ്ധതി

അടങ്കൽ - 280000 (150000 – 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 130000 – തനത് ഫണ്ട് )

ചെലവ് - 150000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബിൽ നം. 34/16-17 തി.29.03.2017 )

1.പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 2 കമ്പ്യൂട്ടറും ഒരു പ്രിന്ററും പ്രൊജക്ടറും സ്ക്രീനുമാണ് പരസ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസ് ഓർഡർ നൽകിയത് 2 കമ്പ്യൂട്ടറും ഒരു സ്കാനറും പ്രൊജക്ടറും സ്ക്രീനുമാണ്. പർചേസ് ഓർഡർ പ്രകാരം ആവശ്യപ്പെട്ടതും വിതരണം ചെയ്തിരിക്കുന്നതും സ്കാനറാണ്. ഇതിൽ നിന്നും പർച്ചേസ് നടപടികൾ പാലിക്കാതെയാണ് സ്കാനർ വാങ്ങിയിട്ടുള്ളത് എന്നത് വ്യക്തമാണ്.

2. 2016-17 വർഷത്തിൽ നടപ്പാക്കിയ അഴുക്കിൽ നിന്ന് അഴകിലേക്ക് എന്ന പദ്ധതിപ്രകാരം (പ്രൊ.നം 179/17 ) 757409 രൂപ 'ഒലീന" എന്ന സ്ഥാപനത്തിന് നൽകുകയുണ്ടായി.എന്നാൽ ഇവരിൽ നിന്നും 1% നിരക്കിൽ 7574 രൂപയാണ് ആദായനികുതി ഇനത്തിൽ ഈടാക്കിയിരിക്കുന്നത്.കേന്ദ്ര ആദായ നികുതി ചട്ടങ്ങൾ സെക്ഷൻ 194-സി പ്രകാരം സ്ഥാപനങ്ങളിൽ നിന്നും 2% ആദായ നികുതി പിരിച്ചെടുക്കേണ്ടതാണ്. കുറവ് വന്ന 7574 അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2016-17 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികൾക്ക് വകയിരുത്തിയ 5154837 രൂപയിൽ 2033611 രൂപമാത്രമെ ചെലവഴിച്ചിട്ടുള്ളൂ.അടിസ്ഥാന സൗകര്യവികസനം, സേവന മേഖല, രേഖകൾ കണക്കുകൾ എന്നിവയുടെ സൂക്ഷിപ്പ് എന്നീ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ പദ്ധതികൾ നിർവ്വഹിക്കുന്നതിലും തുക ചെലവഴിക്കുന്നതിലുമുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്.

## 3-12 പത്രപരസ്യങ്ങൾക്ക് ഇളവ് ലഭ്യമാക്കിയില്ല.

2016-17 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ പ്രകാരം വിവിധ പത്രപരസ്യങ്ങളുടെ ബിൽ തുകയായി 167115 രൂപ അനുവദിച്ചതായി കാണുന്നു.ജി.ഒ.(ആർടി.)1/11/ I & PRD/04-01-11, ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I&PRD/22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും നീളവും സെന്റീമീറ്ററിലാണ് കാണിച്ചിട്ടുള്ളത്. മേൽ പരാമർശിച്ച ഉത്തരവുകൾ പ്രകാരം ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് മലയാള പത്രങ്ങൾ പരസ്യ ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പ്രൊക്യൂർമെന്റ് കമ്മിറ്റി- ചുമതലാ നിർവ്വഹണത്തിൽ വീഴ്ച

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകൃത സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം 2016-17 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിത നടപടികളിലൂടെ വാങ്ങൽ നടപടി ആരംഭിക്കേണ്ടതുമാണ്. നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരംനടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം ,പി.എച്ച്.സി, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർ സമാന സ്പെസിഫിക്കേഷൻ പ്രകാരം കമ്പ്യൂട്ടറുകൾ/ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.ഒരോ നിർവ്വഹണ ഉദ്യോഗസ്ഥയും സ്വന്തം നിലയ്ക്ക് വ്യത്യസ്ത രീതികൾ അവലംബിച്ച് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഒരേ സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കി വാങ്ങിയ കമ്പ്യൂട്ടറുകൾക്ക് വ്യത്യസ്ത തുകയാണ് നൽകിയിട്ടുള്ളത്.സെക്രട്ടറി 45714 രൂപയും മെഡിക്കൽ ഓഫീസർ (ആയുർവേദം ) 42900 രൂപയും, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി 29000 രൂപയുമാണ് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുള്ളത് .

പ്രൊക്വർമെന്റ് കമ്മിറ്റിയുടെ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും | 286500 | 13500 |
| | | 99464 | സമ്പൂർണ്ണ ശുചിത്വഗ്രാമം | 99464 | 0 |
| | | 285929 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 285929 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി വായ്പ. | 533/2010 /തസ്വഭവ.തീയതി.18 /02/2010 | | 7468919 | 3184208 | 90000 | 4284711 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2563370 |
| തൻവർഷം നിക്ഷേപിച്ച തുക | 1334801 |
| ആകെ | 3898171 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2560770 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1337401 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മേലൂർ സർവ്വീസ് സഹകരണ ബാങ്ക്. | 1334801 |
| കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി ഷെയർ | 2500 |
| മേലൂർ സർവ്വീസ് സഹകരണ ബാങ്ക് ഷെയർ | 100 |
| ആകെ | 1337401 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01, | 2003-04 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | ലഭ്യമല്ല. |
| 2000-01 | 2004-05 | നികുതിപിരിവിൽ അലംഭാവം | ലഭ്യമല്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43662762 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41888102 |
| വരവിനങ്ങളിലുള്ള നഷ്ടം | 223 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4456763 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 2-7 | 223 | | സിന്ധു.പി,എസ്., സെക്രട്ടറി.,ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 21,86,763 | ശ്രീമതി.ദീപ.ടി.എ,അസിസ്റ്റന്റ് എഞ്ചിനീയർ,എൽ.എസ്.ജി.ഡി. |
| 3-6 | 70,000 | ശ്രീമതി.വത്സല.എം.എം. ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7 | 50,000 | ശ്രീമതി.വിദ്യാബാലകൃഷ്ണൻ. മെഡിക്കൽ ഓഫീസർ. ആയുർവേദം. |
| 3-8 | 2,50,000 | ശ്രീ.രാമകൃഷ്ണൻ, എച്ച്.എം, ആന്തട്ട ഗവ. യു.പി. സ്കൂൾ. |
| 3-9 | 7,00,000 | ശ്രീമതി.ശ്രീവിദ്യ.വി.സി. അസിസ്റ്റന്റ് സെക്രട്ടറി ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്. |
| 3-10 | 12,00,000 | ശ്രീ.സുനിൽകുമാർ. വെറ്ററിനറി സർജൻ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 7574 | സിന്ധു.പി,എസ്., സെക്രട്ടറി., ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1.ശ്രീ.രാമകൃഷ്ണൻ. | ഹെഡ് മാസ്റ്റർ (റിട്ട) ആന്തട്ട ഗവ യു.പി.സ്കൂൾ | |

| | | |
|---|---|---|
| | അരങ്ങാടത്ത്,<br>ചെങ്ങോട്ടുകാവ്. | |
| 2.ശ്രീ.മനോഹർ ജവഹർ. | എ.ഇ.ഒ<br>കൊയിലാണ്ടി. | |
| 3.ശ്രീമതി.സിന്ധു.പി.എസ്. | സെക്രട്ടറി<br>ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | വിനവിഹാർ<br>എൻ.ഐ.ടി.റോഡിന് സമീപം.<br>ചാത്തമംഗലം<br>കോഴിക്കോട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.1/388/96തി.16.03.96 | 03 |
| 1995-96 | എൽ.എഫ്.എസ്.1/108/9/96തി.07.09.96 | 03 |
| 1996-97 | എൽ.എഫ്.എസ്.1/785/99 തി.05.07.99 | 14 |
| 1997-98 | എൽ.എഫ്.എസ്.1/1071/99 തി.07.08.99 | 21 |
| 1998-99 | എൽ.എഫ്.എസ്.1/375/99 തി.03.07.99 | 18 |
| 1999-2000 | എൽ.എഫ്.എസ്.1/985/01 തി.11.12.01 | 16 |
| 2000-01 പ്ലാൻ | എൽ.എഫ്.എസ്.1/903/03 തി.24.01.03 | 12 |
| 2001-02 | എൽ.എഫ്.എസ്.1/904/03 തി.05.11.03 | 08 |
| 2002-03 | എൽ.എഫ്.എസ്.1/55/07തി.24.05.07 | 08 |
| 2003-04 | എൽ.എഫ്.പി6/744/99 തി.05.01.10 | 10 |
| 2004-05 | എൽ.എഫ്.പി6/510/09 തി.05.01.10 | 05 |
| 2005-06 | എൽ.എഫ്.പി6/744/09 തി.06.08.09 | 04 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/877/09 തി 21.05.10 | 04 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി4/553/10 തി.08.10.10 | 18 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി4/813/11 തി.21.07.11 | 18 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്2/264/12 | 12 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.എസ്2/265/12 തി.27.03.12 | 12 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി.പി13/1587/14 തി.29.10.14 | 05 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/1665/15 തി.7.11.15 | 36 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി13/2046 /2016,തീ.22.11.2016 | 28 |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.കെ.കെ.ഡി/പി 13/1403 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 10.08.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 13/1403 /2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in
Dated 10.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chengottukavu Grama Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Chengottukavu Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.